# ലിറ്റിൽ കൈറ്റ്

## മാഗസിൻ

## ജി.എച്ച്.എസ് ചാലിയപ്പുറം

# നോവ്

അറിവു പകരുവാൻ വേണ്ടിയാണെങ്കിലും
അറിയാതെ ഞാനൊന്നു നോവിച്ചുപോയി
ആ നോവ് വല്ലാത്ത് നൊമ്പരമായി
നീറി പുകഞ്ഞുപോയി എൻ മാനസം
നോവിച്ച മേനിയിൽ മെല്ലെ തടവി ഞാൻ
അറിയാതെ കണ്ണുനീരിറ്റു വീണു
വേണ്ടിയിരുന്നില്ല ചിത്തത്തിൽ ഓർത്ത് ഞാൻ
അറിയാതെയങ്ങനെ നിന്നുപോയി
ഇന്നലെ അച്ഛൻ കടേൽ നിന്നു കൊണ്ടോന്ന
കടല മിഠായി ഞാൻ തന്നതല്ലേ
സ്കൂളിൽ പുറപ്പെടും മുമ്പേ ഞാൻ അമ്മയ്ക്ക്
ഒരു നൂറു മുത്തം തരാറതില്ലേ,
എന്നിട്ടും എന്തിനാണമ്മേ എന്നെ
ഈ വിധം വല്ലാതെ നോവിച്ചത്
ഇങ്ങനെ എന്നോട് ചോദിച്ച സമയത്ത്
എൻ മനം വല്ലാതെ നീറിപോയി
കുഞ്ഞു മനസ്സിന് താങ്ങാനാവുമോ
അമ്മ മനസ്സിലെ നൊമ്പരങ്ങൾ
ഇനി നോവിക്കില്ല ഞാൻ അറിവു പകർത്തുവാൻ
മാതൃവാൽസല്യത്തിലൂടല്ലാതെ ...



**പ്രജിത . എൻ**

m/o Sabarinath K 10C

കേൾക്കാൻ ക്ലിക്ക് ചെയ്യൂ...

# കൊടുങ്കാറ്റ്

**SUSIDA V**
**m/o Arjun 8B**

കൊടുങ്കാറ്റ് വീശുന്നു
മരങ്ങൾ ആടിയുലയുന്നു.
പേടിച്ചരണ്ട് പക്ഷിയും മൃഗങ്ങളും
പായുന്നു എങ്ങോ...
മനുഷ്യ ജീവനും പക്ഷി മൃഗാതികളും
പേടിച്ചരണ്ടിരിക്കും കൊടുങ്കാറ്റിനെ
പ്രകൃതിക്ഷോഭങ്ങൾക്ക് ഭാഗമാം
മനുഷ്യൻ പേടിച്ചരണ്ടിരിക്കണ
മെന്നുപോലു മോർക്കാതെ നശിപ്പിച്ചിടും
പ്രകൃതിയെ എങ്ങും
വൻ കെട്ടിടങ്ങൾ പൊങ്ങുന്നുമെങ്ങും
കൊടുങ്കാറ്റ് വീശുന്നു
വീശുന്നു വീശുന്നു കൊടുങ്കാറ്റ്

# നീലവെളിച്ചം

വൈക്കം മുഹമ്മദ് ബഷീർ എഴുതിയ പ്രസിദ്ധമായ ചെറുകഥയാണ് നീലവെളിച്ചം. കഥാകൃത്തിന്റെ ജീവിതത്തിലെ അത്ഭുത സംഭവങ്ങളിൽ ഒന്ന് എന്ന ആമുഖത്തോടെയാണ് കഥ തുടങ്ങുന്നത്. പ്രേത ബാധക്കു കുപ്രസിദ്ധി കിട്ടിയിരുന്ന ഒരു വീട്ടിൽ താമസിക്കേണ്ടി വന്ന ചെറുപ്പക്കാരനായ ഒരു എഴുത്തുകാരനും ആ വീട്ടിൽ താമസിച്ചിരുന്ന പെൺകുട്ടിയുടെ പ്രേതവും തമ്മിൽ രൂപപ്പെടുന്ന ആർദ്രമായ ആത്മബന്ധത്തിന്റെ കഥയാണ് നീലവെളിച്ചം.

## നീലവെളിച്ചം ദൃശ്യാവിഷ്കാരം

**ഇവിടെ ക്ലിക്ക് ചെയ്യൂ..**

**SAILAKSHMI**



**AYISHA ANAM**

**എന്റെ ആഗ്യപ്പാട്ട് കേട്ടാലോ..**

**ഇവിടെ ക്ലിക്ക് ചെയ്യൂ**

# മഷിത്തണ്ട്

SHEEJA
m/o Diljindev 10C

ഇന്നീ ജനലോരത്തിരുന്ന്
കാണുന്ന കാഴ്ചകളിലെല്ലാം
കാലം വർണ്ണപ്പൊട്ടുകൾ വിതറി
കറുപ്പും വെളുപ്പും
ചുവപ്പും നീലയും
ഒരു മഷിത്തണ്ടിനാലും
മായ്ക്കാനാവാതെ
വേണ്ടെന്ന്  വെച്ച ചിലയോർമകൾ
വേണംന്ന് വാശിപിടിച്ച് മനതാരിഷൽ
പീലിവിടർത്തിയാടുന്നുമയൂരം
നിൻ മിഴിയിൽഅഗാധതയിൽ
ഒരു സമുദ്രം ഒളിഞ്ഞിരിക്കുന്നുവെന്ന്
തിരിച്ചറിവിന്റെ ഉൾവിളി
പിൻതിരിഞ്ഞ് നടക്കാനൊട്ടുമേ
മടിയാതെ ഞാനും
ചേർന്നിരിപ്പിൽ പറക്കുന്ന
പൂമ്പാറ്റകളെും
അകത്തിരിപ്പിൽ മുരളുന്ന
വണ്ടുകളും
ഇളക്കിമാറ്റിയാലും വീണ്ടും മുളക്കുന്ന
പായലു പോലെ
ഒരു മഷിത്തണ്ടിനാലും
മായ്ക്കാനാവാതെ
വിറയാർന്നതനു പോലെ ഞാനും

# ഞാനും നീയും

**ANJU A**
**M/o Sreeved**

അച്ഛന്റെ കൈവിരൽത്തുമ്പിൽ
പിടിച്ചു കൊണ്ടാദ്യമായി
വിദ്യാലയത്തിൻ തിരുമുറ്റത്തെത്തിഞ്ഞാൻ
തുമ്പികൾ കൊഞ്ചുന്ന തോട്ടത്തിൽ
ഓടി കളിച്ചതും
മയിൽപ്പീലി പുസ്തകത്താളിലൊളിപ്പിച്ചു വെച്ചതും
മഷിത്തണ്ട് പൊട്ടിച്ചു
കളിച്ചു രസിച്ചതും
മഞ്ചാടി വാരിയെറിഞ്ഞതും
ആ നോവിക്കുമോർമകൾ
എൻ മുന്നിൽ തുറക്കില്ലൊരിക്കലും
വിദ്യാലയങ്കണം
ബാല്യത്തിലെൻ കൂട്ടായിരുന്ന
മഷിത്തണ്ടു പോലെയെൻ ജീവിതം
ഞാനും നീയുമൊരുപോലെ
പൊട്ടിച്ചെറിയുന്നു സ്നേഹിച്ചവർ തന്നെ
വീണ്ടും പറിക്കുന്നു, ചവിട്ടി മെതിക്കുന്നു
ഞാനും നീയും ഒരുപെലെ..

# മഷിത്തണ്ട്

ഓർക്കുന്നു മൗനമായി നേരുന്നൊരോർമ്മയിൽ
ഇതളുർന്നു പോയൊരെൻ ബാല്യകാലം
ചിറകിട്ടു പാറിപ്പറന്നൊരെന്നോർമ്മയിൽ
നിഴലായി മാറിയെൻ സ്വപ്നങ്ങളും
ആ മഷിത്തണ്ടിനാൽ അക്ഷരത്താളുകൾ
കൈകളാൽ മാഞ്ഞങ്ങുപോയിടുമ്പോൾ
ലോലമായ് സ്നേഹമായി തഴുകിത്തഴുകിയെൻ
നെറുകയിൽ അറിവ് പകർന്നിരുന്നു
മനധാരിലൂർന്നൂർന്നു നുരയിട്ടു ചിന്തുന്നു
പൂത്തു തളിർത്ത വസന്തകാലം
തോഴതും ഞാനമായി ആർത്തു പെരണ്ടരാ
ബാല്യത്തിൻ അതിർവരമ്പില്ലാതെയായ്
ഇന്നും മനസ്സിന്റെ കോണിലായി നീറുന്നു
ആ മഷിത്തണ്ടിന്റെ വിങ്ങലുകൾ
എന്റെ ബാല്യത്തിന്റെ നല്ല
കുഞ്ഞോർമ്മകൾ...

SHINI EP
M/o Neerav Krishna
Nivedya Krishan

ഒരുപാട് കാലങ്ങളിൽ മാഞ്ഞുപോയ
മഷിത്തണ്ട് എന്നൊരാ വാക്ക്
പുസ്തകത്താളിൽ ഒളിപ്പിച്ചുവെച്ച ഞാൻ
മഷിത്തണ്ട് എന്നൊരാ വാക്ക്
കുഞ്ഞുനാളിൽ ഞാൻ ഓടിടുന്നതും
മഷിത്തണ്ടിനായി...
കരഞ്ഞിരുന്നതും ഞാൻ വഴക്കടിച്ചതും
ആ മഷിത്തണ്ടിനായി
കാലത്തിൻ പടവുകൾ കോറിടുമ്പോൾ
മഷിത്തണ്ട് എന്നൊരു വാക്ക് മാത്രം
കാലമാം ഓരോന്ന് മായിച്ചിടുമ്പോൾ
തൻ ഓമനകൾക്കിത് അറിവ് മാത്രം

NISHA CP
M/o Hrithik Krishna 10C

DHILNA P
M/o NAVANEETH

# ഓർമ്മ

ഒടുവിലോരോളങ്ങളിൽ സ്വയമൊഴുക്കു തേടി നാം
സ്മരണ വാരിപ്പിടിച്ചു പോരവേ
ത്രസിച്ച വാക്കും ഗദ്ഗദവുമായി
ശൂന്യമാം മൗനത്തിലേക്കിറങ്ങവേ
ആത്മാവിനാർദ്ര ഭാവങ്ങളെ നുകരാം
മറവി പാതയും സാഗര കാഴ്ചകൾ
ഏകയായ് കേഴുമെൻ മനം
മഴയുടെ നർമ സംഗീതം കേട്ട് ഒരു
മുളംതണ്ടായി വീണമീട്ടുമെൻ ഹൃദയം
ഓർമ്മകൾ മഴയായി പെയ്തിറങ്ങുകിൽ
ഭയക്കുന്നു ഞാനിന്നീ തിരിമുറിയാ
പെയ്തീടുന്ന മഴയെ
ഇന്നെൻ കണ്ണുനീർ ത്തുള്ളികൾ മഴയായി
പെയ്ത്  അക്ഷരങ്ങളായി പുനർജനിക്കുന്നു
ഒടുവിലാരോടുമുരിയാടാതെ മണ്ണിന്റെ
സൗരഭ്യം നുണഞ്ഞ് അമ്മയുടെ മടിത്തട്ടിൽ
അന്ത്യവിശ്രമം

# വാളയാറിന്റെ രോദനം

ANU KP
M/o VAIGAN VINOD

നഷ്ടപ്പെടുന്നൊരു  ശിഷ്ട ജീവന്റെ
ഇഷ്ടമീ ജീവിതം കൈവിടുമ്പോൾ
എത്ര കൊതിച്ചെന്നോ എത്ര കരഞ്ഞെന്നോ
രാവുകൾ ഞങ്ങൾ നീക്കിടുമ്പോൾ
പള്ളിക്കൂടത്തിലെത്തുന്ന നേരത്ത്
അത്രയും ആശ്വാസമായിരുന്നു
വീട്ടിലേക്കെത്തുവാനുള്ള മണിനാദം
കേൾക്കുമ്പോഴുള്ളു പിടഞ്ഞിരുന്നു
ചൊല്ലി പഠിപ്പിച്ച പാഠങ്ങൾക്കപ്പുറം
ചൊല്ലാവാനേറെയീ നെഞ്ചകത്തിൽ
എൻ തളിർമേനിയിലേറ്റ മുറിപ്പാടിൽ
അപ്പുറമുണ്ടൊരു മനസ്സിനുള്ളിൽ
ആരോട് ചൊല്ലേണ്ടു ആരോട് പറയേണ്ടു
ആരാലെനിക്കൊരു അഭയമുണ്ട്
അഭയമാവേണ്ടൊരു ഭവനത്തിനുള്ളിലും
അഭയാർത്ഥിപോലും ആയതില്ല
ഞാൻ വന്ന വഴിയിലെ ദുരിതങ്ങളത്രയും
ഇന്നെന്റെ വാവയ്ക്ക് വന്നുചേർന്നു
അമ്മയും നോക്കിയില്ല നിങ്ങളാൽ  കഴിയില്ല
മരണത്തിനു നിങ്ങൾ വിട്ടു നൽകി
ഉരുകിയൊലിച്ചു ഞാൻ നശിച്ചതറിഞ്ഞിട്ടും
വാവയെ  നിങ്ങൾ കാത്തതില്ല

JISNA
M/o ABHINAYA P

# ക്രൂരത

മനുഷ്യാ നീ കൊടും പാവത്തിൻ ഇര
വിപ്ലവത്തിൻ തീച്ചൂളയിൽ പോലും
അമ്മയാം ഭാരതത്തെ മറക്കുന്ന നീ
കൊടും പാപത്തിൻ ഇരയാകേണ്ടവൻ തന്നെ
നീ കേൾക്കുന്നില്ലേ അതോ
കേൾക്കുന്നില്ലെന്ന് നടിക്കുന്നതോ
ലോകാണ്ഡകാരത്തിൽ നിന്നുയർന്ന വിപ്ലവം
അടിച്ചമർത്താൻ വന്നവൻ നീയോ
നീ മതങ്ങൾ തമ്മിൽ
ജാതികൾ തമ്മിൽ
മനുഷ്യമനസ്സുകൾ തമ്മിൽ വിപ്ലവം തീർത്തു
ആഗ്രഹിച്ച ജീവിതം
മനുഷ്യ മനസ്സിനെ തളർത്തി
വിപ്ലവം കൊടികുത്തി വാഴുന്ന നാട്ടിൽ
മനുഷ്യന് ജീവിതം ദുസ്സഹം

NIMISHA

# മഴ

പുതുമഴ പൊഴിയുമ്പോൾ
എൻ ഹൃദയം തുടിക്കുന്നു
ആയിരം സ്വപ്നങ്ങളുണരുന്നു
എന്നിൽ ആനന്ദ സംഗീതമുയരുന്നു
വേനൽ കിനാവിന്റെ
ഇതളുകളെല്ലാം
വാടി കൊഴിഞ്ഞു
കരിഞ്ഞ നേരം
അമ്മതൻ സ്നേഹം പോൽ
മഴ വന്ന് തൊട്ടപ്പോൾ
പുതിയ പ്രതീക്ഷകൾ
നാമ്പു തീർത്തു
ഈ ഊഷര ഭൂമിയിൽ
നനവിന്റെ കുളിരേകാൻ
ഈ ഭൂമി അമ്മക്ക് മരതക
പട്ടു ചാർത്താൻ
കുളിർ കാറ്റായാലും
തേൻമാരിയായി നീ പെയ്തിറങ്ങി
മണ്ണിന്റെ മാറിലും
എൻ മനതാരിലും
അരുമയാം കുളിരായി  നീ പെയ്തിറങ്ങി

# മഹാനിദ്ര

REKHA PG
CHEEKODE

ഊഷരതയുടെ ദിനാനന്ത്യത്തിൽ
തളർന്ന തണ്ടായിരിക്കെ
മൂകനിദ്രയിൽ നിന്നുണർത്തി
നീ നിറമുള്ള ജീവിത പീലി തന്നു
എരിയുമീ നേരിപ്പോടിൽ
നീറി പുകയുമീ മനസ്സിൽ
നീ ബാഷ്പകണങ്ങളിറ്റിച്ചു
എൻ ആർദ്രസ്വപ്നങ്ങൾ നിന്നെ തേടിയലഞ്ഞു
കർണപുടങ്ങൾ  നിൻ നാദം കൊതിച്ചു
വഴിതാരകൾ നിൻ പാദം പിൻതുടർന്നു
പൂവായി വിരിഞ്ഞ ദിനങ്ങളിൽ
പ്രേമ വാസന പരന്നു
ഒടുവിലെ ഒരു നിമിഷം, ഒരിറ്റെണ്ണ പകർന്നു
നീ സന്ധ്യാമേഘത്തിൽ തരളിതയിലലിഞ്ഞു
അത്മനൊമ്പരങ്ങൾ സാക്ഷിയായി
ഒരു ചിത പടർന്നു, തി നാമ്പുകളതിനെ വിഴുങ്ങി
ആ നിമിഷം, ഞാൻ ഏകയായി
മഹാനിദ്രയിൽ ലയിച്ചു
ഒരുപിടി ചാരമായി
മണ്ണിനെ പുൽകി മയങ്ങുവാൻ

# സ്വപ്നം

ANAMIKA 9B

തഴുകി തലോടുമാ കാറ്റിന്റെ മാറിൽ
അറിയാതെ കണ്ണൊന്നടച്ച  നേരം
മിഴികളെയുണർത്താതെ കാറ്റിൽ പെടാതെ
മനസ്സിന്റെ കോണിൽ ഒളിച്ചു നീയേ..
മായയാം ലോകത്ത് പാറിപ്പറന്നു ഞാൻ
അറിയാതെ ലോകത്തെ എത്തിപ്പിടിച്ചു
പൂമ്പാറ്റ തൻ
പൂവായി ആടിത്തിമർത്തു ഞാൻ
കാറ്റിന്റെ താളത്തിൽ മൂളി തുടങ്ങി
നീയെന്ന മായയെന്നെ  തനിച്ചാക്കി
മറ്റൊരു കോണിലൊളിച്ച നേരം..
അറിയുന്നു സ്വപ്നമേ
നിന്നെ ഞാനെന്നും
സുഖമാം കിനാവുകൾ തന്ന നിന്നെ
മധുരമാം കാഴ്ചകൾ തന്ന നിന്നെ..

# ബഷീർ

ANEK C

ഒട്ടേറെ കഥകളിൽ
നമ്മെയും മട്ടത്തിലൂട്ടിയ
സുൽത്താനെ ഓർത്തിടില്ലേ
കോട്ടയം നാട്ടിലെ
വീട്ടിൽ പിറന്നുള്ള
ഇഷ്ട കനിയെ മറന്നിടല്ലേ
ആരാരും പറയാതെ
രസമൂറും ക്വിസ്സകൾ
നേരിന്റെ സുൽത്താൻ
വിളമ്പിയില്ലേ
വൈക്കം മുഹമ്മദ് ബഷീറെന്ന
നാമത്തിൽ ചേർക്കാം
മനസിന്റെ ഉള്ളിലല്ലേ
എത്രയോ നാളുകൾ
ചുറ്റിക്കറങ്ങിയ മിത്രമീ
തേൻമഴ നൽകിയില്ലേ
സാഹിത്യ മേഖല
സമ്പുഷ്ടമാക്കിയ
ഇമ്പം തുളുമ്പുന്ന
ചരിത്രമല്ലേ...

DIYA FATHIMA V

# നന്മയുള്ള കുട്ടികൾ

പണ്ട് പണ്ട് ഒരു മാമല ഗ്രാമത്തിൽ ഒരു വീടുണ്ടായിരുന്നു. ആ വീട്ടിൽ അപ്പു, അമ്മു, മുത്തശ്ശി, മുത്തശ്ശൻ, അമ്മ എന്നിവർ താമസിച്ചിരുന്നു. അവധിക്കാലമായപ്പോൾ അവർ അമ്മായിയുടെ വീട്ടിൽ പോയി. അവർ എന്നും വൈകുന്നേരം മാവിൻ ചുവട്ടിലായിരുന്നു കളിക്കാറുണ്ടായത്.

ഒരു ദിവസം അവർ കളിക്കാൻ വേണ്ടി പുറത്തിറങ്ങിയപ്പോൾ വീടിനു പിറകിലുള്ള മാവിൻച്ചുവട്ടിൽ എന്തോ വീണതായി അവർ കണ്ടു. അപ്പോൾ അപ്പുവും  അമ്മുവും ഓടിപ്പോയി നോക്കി. അതു കണ്ടപ്പോൾ അപ്പുവിനും അമ്മുവിനും സങ്കടമായി. കാരണം അവർ കണ്ട കാഴ്ച, ഒരു പക്ഷി കുഞ്ഞു വീണു കിടക്കുന്നതായിരുന്നു. ആ പക്ഷി കുഞ്ഞിന് ഒരുപാട് മുറിവുകൾ ഉണ്ടായിരുന്നു. പക്ഷി കുഞ്ഞ് കിയോം കിയോം എന്ന് കരയുന്നുണ്ടായിരുന്നു.

അവർ അതിനെ എടുത്തുകൊണ്ട് അമ്മായിയുടെ അടുത്തേക്ക് പോയി. അമ്മായി പക്ഷിക്കുഞ്ഞിനെ കണ്ടപ്പോൾ അപ്പുവിനോട് ചോദിച്ചു. ഇതിനെ നിങ്ങൾക്ക് എവിടെ നിന്ന് കിട്ടി? അപ്പോൾ അപ്പു പറഞ്ഞു, ഇതിനെ ഞങ്ങൾക്ക് മാവിൻച്ചുവട്ടിൽ നിന്ന് കിട്ടിയതാണ്. അപ്പു അമ്മായിയോട് ചോദിച്ചു, നമുക്ക് ഇതിനെ വളർത്തിയാലോ? അപ്പോൾ അമ്മായിയും അമ്മുവും പറഞ്ഞു, വേണ്ട അത് പാവമാണ് ഇതിനെ മരുന്ന് കൊടുത്ത് അതിന്റെ അമ്മയുടെ അരികിലേക്ക് പറഞ്ഞു വിടാം.

അങ്ങനെ അവർ അതിന് മരുന്നു കൊടുത്തു. അതിന്റെ അമ്മയുടെ അരികിലേക്ക് പറഞ്ഞുവിട്ടു. ഇത് കേട്ട അപ്പുവിന്റെയും അമ്മുവിന്റെയും അമ്മയ്ക്കും അച്ഛനും വളരെയധികം അഭിമാനം തോന്നി.

# പൂച്ചയ്ക്കു പകരം

ഒരു ഗ്രാമത്തിൽ രാമു എന്നയാളുടെ വീട്ടിൽ വലിയ എലി ശല്യമായിരുന്നു. ഒരു സാധനവും സൂക്ഷിക്കാൻ വയ്യാത്ത അവസ്ഥ. തുണികളെല്ലാം അവ കടിച്ചുകീറി. ഭക്ഷണസാധനങ്ങൾ എല്ലാം കട്ടു തിന്നു. രാമവും ഭാര്യയും എലികളെ തുരത്താൻ നോക്കി പക്ഷേ ഒന്നും വിജയിച്ചില്ല. നമുക്ക് ഒരു പൂച്ചയെ വളർത്താം ഒടുവിൽ രാമുവും ഭാര്യയും തീരുമാനിച്ചു.

അവർ അടുത്ത ഗ്രാമത്തിൽ നിന്ന് ഒരു പൂച്ചയെ കൊണ്ടുവന്നു. പൂച്ച വീട്ടിൽ എത്തിയതും ഓടിനടന്ന് എലികളെ പിടിച്ചു. ആഴ്ചകൾക്കുള്ളിൽ രാമുവിന്റെ വീട്ടിൽ എലികളില്ലാതെയായി. അതോടെ പൂച്ച എലികളെ തേടി അടുത്ത വീടുകളിൽ പോകാൻ തുടങ്ങി. രാമുവിന്റെ അയൽക്കാരിലൊരാൾ പണക്കാരനായിരുന്നു. അയാൾക്ക് രാമുവിന്റെ പൂച്ച തന്റെ വീട്ടിൽ വരുന്നത് തീരെ ഇഷ്ടപ്പെട്ടില്ല. ഒരു ദിവസം അയാൾ പൂച്ചയെ പിടികൂടി. ബഹളം കേട്ട് രാമ ഓടി വന്നു. അപ്പോൾ കണ്ടത് കെട്ടിയിട്ട് പൂച്ചയെ അയാൾ തല്ലുന്നതായിരുന്നു. അത് ചെയ്ത ഉപകാരം എത്ര വലുതാണെന്നറിയാമോ? എന്റെ വീട്ടിലെ മാത്രമല്ല ഈ പ്രദേശത്തെ എലികളെ മുഴുവൻ അവർ പിടിച്ചു കൊന്നിരിക്കുന്നു. ദയവുചെയ്ത് അതിനെ ഉപദ്രവിക്കല്ലേ, രാമു അപേക്ഷിച്ചു. എലിയെ ഇല്ലാതാക്കാൻ ഒരു പൂച്ചയുടെ ആവശ്യമൊന്നുമില്ല. എളുപ്പത്തിൽ കൊല്ലാനുള്ള ധാരാളം വഴികൾ എനിക്കറിയാം. വേണമെങ്കിൽ നിങ്ങൾക്ക് ഞാൻ പറഞ്ഞു തരാം, പൊട്ടിച്ചിരിച്ചു കൊണ്ട് അയാൾ പൂച്ചയെ തല്ലിക്കൊന്നു. വലിയ വിഷമമായി, പക്ഷേ രാമമൊന്നും മിണ്ടിയില്ല. രാമു വീട്ടിലേക്ക് പോയി.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആ പണക്കാരന്റെ വീട്ടിൽ ഒരു വർണ തുണികൊണ്ട് പൊതിഞ്ഞ ഒരു സമ്മാനം, എനിക്ക് ചക്രവർത്തി തന്ന സമ്മാനമായിരിക്കും എന്ന് അയാൾ കരുതി സന്തോഷത്തോടെ തുറന്നു. അയാളെ ഞെട്ടിച്ചുകൊണ്ട് ഏതാനും എലികൾ പുറത്തുചാടി. അത് വീടിനകത്ത് പലയിടങ്ങളിലായി കയറി ഒളിച്ചു. അപ്പോൾ ആ പെട്ടിലിരുന്ന ഒരു കടലാസ് അയാൾ കണ്ടു. ഇപ്രകാരം എഴുതിയിരുന്നു, പൂച്ചയെ കൂടാതെ എലിയെ ഇല്ലാതാക്കാനുള്ള ധാരാളം അടവുകൾ നിങ്ങൾക്കറിയാമല്ലോ! അത് പ്രയോഗിച്ചു നോക്കാൻ ഒരു അവസരം തിരികെയാണ്, വിജയിച്ചാൽ അറിയിക്കണം അങ്ങയുടെ അയൽവാസി രാമു. പിന്നീടുള്ള ദിവസങ്ങളിൽ അയാളും ഭാര്യയും എലി ശല്യം കാരണം സ്വസ്ഥമായി ഉറങ്ങിയില്ല.

# മൊബൈൽ

SWATHI KM

ഒരു കൊച്ചു ഗ്രാമത്തിൽ അനു എന്ന് പറയുന്ന അനുഷ താമസിച്ചിരുന്നു. അവൾക്ക് അച്ഛൻ മാത്രമേ കൂട്ടിനുണ്ടായിരുന്നുള്ളൂ. അവളുടെ അമ്മ ചെറുപ്പ-ത്തിലേ മരിച്ചിരുന്നു. പഠിക്കാൻ മിടുമിടുക്കിയാണ് അനു. സ്കൂളിലെ എല്ലാ ടീച്ചർ-ക്കും അവളെ കുറിച്ച് വളരെ നല്ല അഭിപ്രായമാണ്. സ്കൂളിലെ എല്ലാ പരിപാടികളില ◌ും അനു പങ്കെടുക്കറുണ്ടായിരുന്നു. എല്ലാ പരീക്ഷകളിലും ഉന്നത വിജയം കൈവരിച്ചിരുന്നു. അച്ഛൻ രാമന് അനുവിനെ പഠിപ്പിച്ചു നല്ല ഒരു ഡോക്ടറാക്ക-ണമെന്നാണ് ആഗ്രഹം. അതിനു വേണ്ടി അച്ഛൻ സമ്പാദിക്കുന്നതിൽ നിന്നും ഒരു നല്ല ഭാഗം മാറ്റിവെക്കുമായിരുന്നു. അച്ഛന് പ്രായത്തിൽ അനുസരിച്ചുള്ള രോഗങ്ങൾ കാരണം എല്ലാ ദിവസവും ജോലിക്ക് പോകാൻ കഴിയില്ലായിരുന്നു. എന്നാലും ഒരു അമ്മയില്ലാത്ത കുറവ് അച്ഛൻ അവളെ അറിയിച്ചിരുന്നില്ല. അവൾ തിരിച്ചു അച്ഛനോട് അങ്ങനെ തന്നെയായിരുന്നു. വീട്ടുജോലികളിൽ ഇരുവരും ഒരുമിച്ചാണ് ചെയ്യാറ്. ഒരു ഉറ്റ സുഹൃത്തുക്കളേ പോലെയാണ് ഇരുവരും.

അങ്ങനെയിരിക്കെ 2019 ൽ മാരകമായ കൊറോണ എന്ന മഹാമാരി വന്നെത്തി. പലർക്കും രോഗം പടർന്നു പിടിച്ചു. കുട്ടികളുടെ സ്കൂൾ പഠനം മുടങ്ങി. കുട്ടികളുടെ മുന്നോട്ടുള്ള പഠനം ഓൺലൈനായി. പാതിവഴിയിൽ മുടങ്ങിയ പഠി-ത്തം വീണ്ടും തുടങ്ങാൻ തീരുമാനിച്ചു. ഒന്നുമില്ലാത്ത കുട്ടികൾക്ക് സർക്കാർ സൗജന്യമായി ഫോൺ കൊടുത്തു. അങ്ങിനെ അനുവിനും അതുപോലെ ഒരു ഫോൺ കിട്ടി. ടച്ച് ഫോൺ, ഇതുവരെ ഒന്ന് തൊട്ടുപോലും നോക്കാതെ അനു , സന്തോഷത്തോടെയും അതിലേറെ ആകാംക്ഷയോടെയും നോക്കി.

അങ്ങനെ പഠിക്കാൻ കിട്ടിയ ഫോൺ അനു പല കാര്യത്തിനും വേണ്ടി ഉപ-യോഗിക്കാൻ തുടങ്ങി. യൂട്യൂബ്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം എന്നിങ്ങനെ പലവിധ സോഷ്യൽ മീഡിയയും വളരെ പെട്ടെന്ന് തന്നെ അടിമപ്പെട്ടു. അപ്പോഴേക്കും പഠന-ത്തിൽ എന്ന് അവൾ ഒരു പാട് പിന്നോട്ട് പോയിരുന്നു. ഫോണിനെക്കുറിച്ച് ഒട്ടും അറിയാത്ത അച്ഛൻ ഇതൊന്നും അറിയില്ലായിരുന്നു. വീട്ടിലെല്ലാ ജോലിയിലും അച്ഛനെ സഹായിച്ചിരുന്ന അനു ഇപ്പോൾ ഒന്നും ചെയ്യാതെ ഫോണിൽ തന്നെയാ-യി.

അങ്ങിനെ എസ്എസ്എൽസി മോഡൽ പരീക്ഷ വന്നെത്തി. പരീക്ഷ അടുത്തെത്തിയിട്ടും അനുവിന് ഒരു ഭയവും ഇല്ലായിരുന്നു. അങ്ങനെ ഒന്നും പഠിക്കാതെ പോയ അനുവിന് പരീക്ഷ വളരെ പ്രയാസമായിരുന്നു. അവളോട് തന്നെ പുച്ഛം തോന്നി. ഇത്രയേറെ അവളെ സ്നേഹിച്ചിരുന്ന അച്ഛനെ ഓർത്ത് അവൾക്ക് വളരെ ഏറെ കുറ്റബോധവും തോന്നി. ഈ പരീക്ഷയുടെ ഫലം അറിഞ്ഞാൽ അച്ഛന് അവളോടുള്ള വിശ്വാസം തകരും എന്ന് ഭയപ്പെട്ടു. എന്ത് ചെയ്യണമെന്നറിയാതെ വളരെ ദുഃഖിച്ചിരിക്കുകയാണ് ടീച്ചറെ വിളിക്കാം എന്ന് തീരുമാനിച്ചത്.

അങ്ങനെ ടീച്ചറെ അവൾ വിളിച്ചു. നടന്നതെല്ലാം ടീച്ചർക്ക് തുറന്നു പറഞ്ഞു. അതെല്ലാം കേട്ടിട്ട് ടീച്ചർ അവളെ സമാധാനിപ്പിച്ചു. അടുത്ത പരീക്ഷയ്ക്ക് നന്നായിട്ട് പഠിച്ച് നല്ല മാർക്ക് വാങ്ങിക്കണമെന്ന് ടീച്ചർ അവളോട് പറഞ്ഞു. ടീച്ചറോട് എല്ലാം തുറന്നു പറഞ്ഞതിൽ ഒരുപാട് ആശ്വാസമുണ്ട്. പിന്നെ പരീക്ഷക്ക് വേണ്ടി കഷ്ടപ്പെട്ട് പഠിച്ചു. പരീക്ഷ വന്നെത്തി കഷ്ടപ്പെട്ട് പഠിച്ചതിനാൽ പരീക്ഷ വളരെ സുഖമായിരുന്നു. നന്നായി ഉത്തരങ്ങൾ എല്ലാം എഴുതി. പരീക്ഷാഫലം വന്നപ്പോൾ എല്ലാ വിഷയത്തിലും എ പ്ലസ് ലഭിച്ചു. സ്കൂളിൽ എല്ലാ അധ്യാപകർക്കും വളരെയധികം സന്തോഷവും അഭിമാനം തോന്നി. അവൾ കാരണം ഒരുപാട് പേര് സന്തോഷിക്കാൻ ഇടയായി.

# മണിപ്പൂർ

VAIGA N

പൊരുതി നേടിയ എന്റെ സ്വാതന്ത്ര്യത്തിൽ
എത്ര മക്കൾ തൻ ജീവൻ പൊലിഞ്ഞ്പോയ്
വിട്ടു കൊടുക്കാതെ നേടിയെടുത്തു നാം
ഒരൊറ്റ മനസ്സായി ഭാരതമായി
ഒരു വശം വാനോളമുയരുന്ന ചന്ദ്രയാൻ
മറുവശം കത്തിജ്വലിക്കും മണിപ്പൂരും
എന്റെ മണിപ്പൂരിൽ മകളേ നിൻ
നോവുകളാരാരും അറിയാതെ പോയല്ലോ
എന്റെ മണിപ്പൂരിൽ മകളേ നിൻ
നിലവിളി അരും കേൾക്കാതെ പോയല്ലോ
എന്നെ സംരക്ഷിച്ച പുത്രന്റെ പത്നി തൻ
നാണം മറയ്ക്കുവാൻ ഭിക്ഷയാചിച്ചെന്നോ
തെരുവോരങ്ങളിൽ ആർപ്പുവിളികളുമായി
നാണം മറയ്ക്കുവാൻ കൈകൾ ബന്ധിച്ചു
ഓരോ നടവഴി കൂട്ടമായി നീങ്ങുമ്പോൾ
ചോദിച്ചതത്രയും വസ്ത്രവും മാനവും
എത്ര വിലയുള്ള വസ്ത്രം കൊടുത്താലും
അണിയുവാനാവുമോ അവർക്കിനി ഈ ജന്മം
എത്ര വിലയുള്ള വസ്ത്രം കൊടുത്താലും
അണിയുവാനാവില്ല അവർക്കീ ജൻമത്തിൽ
ഭീതി നിറയ്ക്കും ദുരന്തമാം ഭൂമിയിൽ
ബന്ധങ്ങൾ തിരയുന്ന എത്ര പെൺ ബാല്യങ്ങൾ
ചിതറി തെറിച്ചുപോയെത്ര കൗമാരങ്ങൾ
സ്വപ്നങ്ങൾ കാണുവാനില്ലാത്ത യൗവനം
ഒരിടത്തിനായുള്ള അവസാന വേളയിൽ
ഒന്ന് തലചായ്ക്കാൻ കഴിയാത്ത വാർദ്ധക്യം
ഇനിയും നാം അറിയാത്ത എത്ര സത്യങ്ങൾ
അറിയുന്നതത്രയും ഭീകരമാണിടം.